കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽപി/പി14/1468/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.01.09.2018

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെഎസ്.എ/എഎൽപി/പി.14/1468/2018 തീയതി: 01.09.2018

# ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2017 മുതൽ 31.06.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.07.2018 മുതൽ<br>24.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. രഞ്ജീവ്.വി.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽ കുമാർ.ജി, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ജലജ രവീന്ദ്രൻ | 01.04.2017 മുതൽ 13.06.2017 വരെ |
| ശ്രീമതി.രശ്മി സുഭാഷ് (ഇൻ-ചാർജ്) | 14.06.2017 മുതൽ 12.07.2017 വരെ |
| പ്രൊഫ.ഏലിക്കുട്ടി കുര്യാക്കോസ് | 13.07.2017 മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീമതി.കെ.പി.അനില കുമാരി | 01.04.2017മുതൽ 15.08.2017വരെ |
| ശ്രീ.ഷാജഹാൻ.വൈ<br>(അധികച്ചുമതല) | 16.08.2017 മുതൽ 08.11.2017 വരെ |
| ശ്രീമതി.ബറ്റി.ജെ.ടീസ | 09.11.2017 മുതൽ 31.03.2018 വരെ |

3) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രാജേന്ദ്ര പ്രസാദ്.കെ | 01.04.2017മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.അമ്പിളി തങ്കപ്പൻ | 01.04.2017മുതൽ 11.06.2017വരെ |
| | ഡോ.തോമസ് ചെറിയാൻ | 12.06.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അനശ്രീ | 01.04.2017മുതൽ 30.11.2017വരെ |
| | ശ്രീമതി.വിദ്യ.എസ് | 01.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.മിന്റോ മാർക്കോസ് | 01.04.2017മുതൽ 31.05.2017വരെ |
| | ഡോ.ഷീജ.പി.എൻ | 01.06.2017 മുതൽ 30.06.2017 വരെ |
| | ഡോ.ശ്രീലക്ഷ്മി.എസ്സ് | 01.07.2017 മുതൽ 12.12.2017 വരെ |
| | ഡോ.ഷീജ.പി.എൻ | 13.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.എസ്.ഗിരിജ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.പ്രീത നായർ | 01.04.2017മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ആനി കുരുവിള | 01.04.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സൂസൻ ജേക്കബ് | 01.04.2017മുതൽ 07.10.2017വരെ |
| | ശ്രീമതി.കല്യാണിക്കുട്ടി.പി | 12.10.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.തോമസ് മാർട്ടിൻ | 01.04.2017മുതൽ 15.07.2017വരെ |
| | ശ്രീമതി.ലാലി.എസ് | 16.07.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വൈ.ഷാജഹാൻ | 01.04.2017 മുതൽ 14.11.2017 വരെ |
| | ഒഴിവ് | 15.11.2017 മുതൽ 22.11.2017 വരെ |
| | ശ്രീമതി. ബീന തോമസ് | 23.11.2017 മുതൽ 03.12.2017 വരെ |
| | ശ്രീ. ദേവലാൽ | 04.12.2017 മുതൽ 31.03.2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 21.03.2017ലെ തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 79740000 | 78906000 |
| വാർഷിക കണക്ക് പ്രകാരം | 45391191 | 40634146 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 17.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ, തീയതി |
|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജിഎ.4/1126/18 |

## 1-4 സാമ്പത്തിക വിശകലനം (രസീത്/പേമെന്റ് പത്രിക അനുസരിച്ച്)

| | |
|---|---|
| മുന്നിരിപ്പ് | 5420851 |
| വരവ് | 45391191 |
| ആകെ | 50812042 |
| ചെലവ് | 40634146 |
| നീക്കിയിരുപ്പ് | 10177896 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8460400 | 8460400 | 8112141 | | 96% |
| വികസനഫണ്ട് എസ്.സി.പി. | | 3567819 | 3567819 | 2922636 | - | 82% |
| വികസനഫണ്ട് ടി.എസ്.പി. | | - | - | - | | - |
| സംരക്ഷണഗ്രാന്റ് റോഡ് | | 4895709 | 4895709 | 3234051 | | 66% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3207294 | 3207294 | 2879481 | | 90% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 9074681 | 9074681 | 3808380 | | 42% |
| പെർഫോമൻസ് ഗ്രാന്റ് | | 1164580 | 1164580 | 594264 | | 51% |
| എം.എൻ.ആർ. ഇ. ജി.എസ്. | 126467 | 9670760 | 9797227 | 9784546 | 12681 | 100% |
| ബി ഫണ്ട് | | 26819040 | 26819040 | 26819040 | 0 | 100% |
| ടോട്ടൽ സാനിട്ടേഷൻ (K.G.B) | 861479 | 2171461 | 3032940 | 95355 | 2937585 | 3.14% |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 1050701 | 7047831 | 8098532 | 7853242 | 245290 | 97% |
| എസ്.ബി.റ്റി. ലിറ്ററസി | 19311 | 730 | 20041 | 0 | 20044 | 0 |
| എസ്.ബി.റ്റി.ഡിസ്ട്രസ് റിലീഫ് ഫണ്ട് | 8425 | 5173 | 13598 | 6118 | 7480 | 45% |
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 47200 | 2797850 | 2845050 | 2618026 | 227024 | 92% |
| തനത് ഫണ്ട് | 3187418 | 12286782 | 15474200 | 8928525 | 6545675 | 58% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 169 | 43156815 | 120 | 24755688 | 5 | 44 | 57.36% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 72 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2016-17 | 2017-18 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4833971 | 6335978 | 1502007 | 31 |
| നികുതിയേതര വരവുകൾ | 666132 | 3128041 | 2461909 | 369 |
| ആകെ | 5500103 | 9464019 | 3963916 | 72 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 126467 | 512326 | 638793 | 626112 | 12681 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയത് | 0 | 9158434 | 9158434 | 9158434 | 0 |
| ആകെ | 126467 | 9670760 | 9797227 | 9784546 | 12681 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5640 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 2237200 | 189 |

| | | |
|---|---|---|
| വിധവാപെൻഷൻ | 4834400 | 417 |
| വാർദ്ധക്യകാലപെൻഷൻ | 17977800 | 1499 |
| വികലാംഗപെൻഷൻ | 1632500 | 151 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 131500 | 16 |
| | 26819040 | |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2018 3.15 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6781/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം

ജീവനക്കാരുടെ ജോലി വിഭജനം നടത്തി വിശദമായ ഓഫീസ് ഉത്തരവ് ഉണ്ട്. ഇടപാടിന്റെ എല്ലാ ഘടകങ്ങളും ഒരാളിൽ കേന്ദ്രീകരിക്കാതെയാണ് ജോലി വിഭജനം നടത്തിയത്. എന്നാൽ പണം പിരിവിന്റെ കൃത്യത പരിശോധിക്കാൻ സംവിധാനം ഉണ്ടെങ്കിലും ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് മേൽനോട്ടസംവിധാനം പരിശോധിക്കുന്നില്ല.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ എല്ലാം സെക്രട്ടറി ഇൻഷ്യൽ ചെയ്യുന്നതായി കാണുന്നില്ല.

ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്നത് പരിശോധിക്കാൻ സംവിധാനം നിലവിലില്ല. മിനിറ്റ്സിൽ ഈ വിഷയം ഭരണസമിതി പരിശോധിച്ചതിനും രേഖയില്ല. ഓഡിറ്റിൽ പരിശോധനാ വിഷയമായ ചില തീരുമാനങ്ങളിലെ നിർദേശം നടപ്പായതായി കാണുന്നില്ല (ഏട്ടാം വാർഡിലെ തെരുവ് വിളക്കുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ അന്വേഷണം നടത്തിയിട്ടില്ല).

എല്ലാ ചെലവുകളും ബജറ്റ് വഴി നിയന്ത്രിക്കുന്നില്ല. സാമ്പത്തിക വർഷം മറികടന്നും കേരളോത്സവത്തിന് തുക ചെലവഴിച്ചു.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ ലംഘിച്ചതായി കാണുന്നു. കേരളോത്സവം പിരിവിലാണ് ലക്ഷ ങ്ങളുടെ വരവ് അക്കൗണ്ടിംഗ് ചെയ്യാഞ്ഞത്. ക്രമീകരണ ജേർണൽ എൻട്രികൾ പുന:പരിശോധിക്കാൻ സംവിധാനമില്ല. വാർഷികകണക്കുമായി ബന്ധപ്പെട്ട് വിവിധ അനുപാതങ്ങൾ തയ്യാറാക്കിയിട്ടില്ല.

സാംഖ്യ രസീതിന്റെ സ്റ്റോക്ക് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആരും മോണിട്ടറിംഗ് ചെയ്യുന്നതായി കാണുന്നില്ല. ചെലവുകൾ എല്ലാം ചെക്കുവഴിയല്ല. കേരളോത്സം പോലെ വലിയ ചെലവുകൾ നേരിട്ട് ചെലവഴിച്ചതായി കാണുന്നു.

വരവിനങ്ങളുടെ ഡിമാന്റ് തയാറാക്കുന്നുണ്ട്. എന്നാൽ നിരീക്ഷണ സംവിധാനമില്ല.

നികുതി നിർണയം കൃത്യമായി പരിശോധിക്കപ്പെടുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അത് പരിശോധിക്കുന്നില്ല. നികുതി ചോർച്ച തടയാൻ സംവിധാനമില്ല.

ആസ്തി രജിസ്റ്റർ കാലികമായി പുതുക്കിയിട്ടില്ല. ആസ്തിയിന്മേൽ യാതൊരു നിയന്ത്രണവും കാണുന്നില്ല. അതിനാൽ വാർഷികകണക്കിലെ ആസ്തികളുമായി ബന്ധപ്പെട്ട് എൻട്രികൾ കൃത്യമാണോയെന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം കുറച്ചുകൂടി കാര്യക്ഷമമാക്കാനുണ്ട്. പൊതുഭരണവുമായി

ബന്ധപ്പെട്ട് കർമ്മസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ജാഗ്രതാ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.07.2018 | 06/2018 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.01.2018 മുതൽ | 2012-13 മുതൽ 2016-17 വരെ | 05.03.2018 |

## 1-13 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൌണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ.

--ഇല്ല--

## 1-14 ഗ്രാമസഭ:അവലോകനം

ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടിയതായി മിനിറ്റ്സ് ബുക്കിൽ കാണുന്നു. ആസൂത്രണത്തിനും ഗുണഭോക്തൃ തിരഞ്ഞെടുപ്പിനും ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭയിൽ വർദ്ധിച്ച ജനസാന്നിധ്യം കാണുന്നു. ഹാജർ 100 നും 150നും മുകളിലാണ്. എന്നാൽ മിനിറ്റ്സ് എഴുതിയതും ഹാജർ രേഖപ്പെടുത്തിയതും ഒരേ കയ്യക്ഷരത്തിലാണ്. ഒപ്പുകളും ഒരേപോലെ തോന്നുന്നു. ഗ്രാമസഭയുടെ ഫോട്ടോ എടുത്തിട്ടില്ല. ആവശ്യപെട്ടിട്ടും ഇവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഫോട്ടോ ഹാജരാക്കി തെളിയിക്കാത്തതിനാൽ ഗ്രാമസഭയുടെ ഹാജരിന്റെ കൃത്യത ഓഡിറ്റ് അംഗീകരിക്കുന്നില്ല.

ഗ്രാമസഭകളുടെ തീരുമാനങ്ങൾ ഒന്നിലധികം കയ്യക്ഷരത്തിലാണ് എഴുതിയിരിക്കുന്നത്. കോഡിനേറ്റർമാരാണ് ഗ്രാമസഭകളുടെ മിനിറ്റ്സ് എഴുതേണ്ടത്. തീരുമാനങ്ങളിൽ ഏറെയും കോഡിനേറ്റർമാരാണ് എഴുതിയിരിക്കുന്നത്. ചില തീരുമാനങ്ങൾ വ്യത്യസ്ത കയ്യക്ഷരത്തിലാണ് എഴുതിയിരിക്കുന്നത്. മിനിറ്റ്സ് രേഖപ്പെടുത്താൻ ചുമതലപ്പെട്ട കോർഡിനേറ്റർ എഴുതുന്നതിനിടയിൽ മറ്റൊരാൾ മിനിറ്റ്സ് രേഖപ്പെടുത്തിയതിന് ഗ്രാമസഭയുടെ അംഗീകാരമില്ല. അതിനാൽ വ്യത്യസ്തമായ കയ്യക്ഷരത്തിൽ രേഖപ്പെടുത്തിയ തീരുമാനങ്ങൾ ഗ്രാമസഭയുടേത് അല്ലാത്തതാകാനും പിന്നീട് എഴുതി ചേർത്തതാകാനുമാണ് സാധ്യത. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ചില വലിയ പ്രോജക്കുകൾക്കുള്ള നിർദ്ദേശങ്ങളാണ് കൂട്ടിചേർക്കപ്പെട്ട തീരുമാനങ്ങളിൽ ഉള്ളത്.

ആസൂത്രണ പ്രക്രിയയിൽ ഗ്രാമസഭകൾ കാര്യമായി ഇടപെട്ടതിന് മിനിറ്റ്സിൽ തെളിവില്ല. സ്റ്റാറ്റസ് റിപ്പോർട്ട് ഗ്രാമസഭകളിൽ അവതരിപ്പിച്ച് ചർച്ച ചെയ്തതായി മിനി റ്റ്സില്ല്ല. അതിനാൽ പദ്ധതി മാർഗരേഖ (ജി.ഒ(എം.എസ്) 72/2017/ ത.സ്വ.ഭ.വ 29.03.2017) യിലെ 3.1, 3.3 എന്നിവയിലെ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചു എന്നതിന് തെളിവില്ല.

ഗ്രാമസഭകളുടെ ഭരണഘടനാപദവി തിരിച്ചറഞ്ഞ് അതിന്റെ സംഘാടനത്തിലും നടപടിക്രമങ്ങളിലും ഗൗരവസമീപനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ആസൂത്രണപ്രക്രിയ - അവലോകനം

(i)വികസന സെമിനാർ

പദ്ധതി മാർഗരേഖയിലെ നിർദേശങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്ത് വികസന സെമിനാർ നടത്തിയതിന്

തെളിവില്ല. വികസനസെമിനാറിന്റെ മിനിറ്റ്സ് എഴുതാൻ ഒരു രജിസ്റ്റർ തലക്കെട്ട് എഴുതി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ 77പേർ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്. ഒപ്പുകളിലെ സമാനത ഇതിലും വ്യക്തമാണ്.രജിസ്റ്ററിൽ സെമിനാർ നടപടി ക്രമങ്ങളുടെ വിവരണമില്ല.തീരുമാനങ്ങളും എഴുതിയിട്ടില്ല. 77പേർ പങ്കെടുത്തു മിനിറ്റ്സ് രേഖപ്പെടുത്താൻ മറന്നതാണ് എന്ന് പരിഗണിച്ചാൽ തന്നെ വികസനസെമിനാറിൽ മതിയായ പ്രധിനിധ്യം ഉണ്ടായില്ലെന്നത് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളുണ്ട്. അതിനാൽ പദ്ധതി മാർഗരേഖയിലെ നിർദേശ പ്രകാരം 13 ഗ്രാമസഭകളിൽ നിന്ന് 5വീതം 65പ്രധിനിധികൾ വികസനസെമിനാറിൽ പങ്കെടുക്കണം. പുറമെ 13 പഞ്ചായത്ത് അംഗങ്ങളും വർക്കിംഗ് ഗ്രൂപ്പ് പ്രതിനിധികളും ചേരുമ്പോൾ തന്നെ 77 കവിയേണ്ടതാണ്. സെമിനാറിന് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

(ii)വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമപഞ്ചായത്തിന്റെ ആസൂത്രണ പ്രക്രിയയിൽ നിർണായക പങ്ക് വഹിക്കേണ്ട ജനകീയ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ.ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ആസൂത്രണ പ്രക്രിയയിൽ സജീവമായി ഇടപെട്ടതിന് തെളിവില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സിൽ പ്രോജക്ടുകൾ മോണിട്ടറിംഗ് നടത്തിയതായി രേഖപ്പെടുത്തൽ ഇല്ല. മോണിട്ടറിംഗ് റിപ്പോർട്ടും തയാറാക്കിയിട്ടില്ല. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ 129 പദ്ധതികളിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടപ്പാക്കിയ പദ്ധതികൾക്ക് മാത്രമാണ് പേരിനെങ്കിലും മോണിട്ടറിംഗ് റിപ്പോർട്ട് തയാറാക്കിയത്. ഇത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയതല്ല. വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ പ്രധാന ഉത്തരവാദിത്തമായ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്താഞ്ഞത് വലിയ വീഴ്ചയാണ്. ഇതിലൂടെ ജനകീയ ഓഡിറ്റിനുള്ള സാധ്യതയാണ് ഇല്ലാതാക്കിയത്.

(iii) പദ്ധതി ആസൂത്രണ നിർവഹണത്തിൽ പദ്ധതി മാർഗരേഖ പാലിച്ചില്ല

പതിമൂന്നാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി നിർവഹണത്തിൽ ഗ്രാമപഞ്ചായത്ത് പദ്ധതി മാർഗരേഖ (ജി.ഒ(എം.എസ്)72/2017/തസ്വഭവ, 29.03.2017) പാലിച്ചില്ല.

പ്രധാന വീഴ്ചകൾ

1. 27.2.2018 ലാണ് ബജറ്റ് പദ്ധതി ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചത്. എന്നാൽ ഇതിന് ശേഷം വലിയ തുകകളുടെ പദ്ധതി ചെലവ് ഉണ്ടായതായി കാണുന്നു. ഇവ വിശദീകരിച്ച് ബജറ്റിൽ ചേർത്തതായി കാണുന്നില്ല. ഇതിനാൽ പദ്ധതി മാർഗരേഖയിലെ 14.4 പാലിച്ചതായി കാണുന്നില്ല.
2. 2017-18 ൽ129 പദ്ധതികൾ നിർവഹിച്ചു.എന്നാൽ നാമമാത്ര പദ്ധതികൾക്ക് മാത്രമാണ് മോണിട്ടറിംഗ് റിപ്പോർട്ട് തയാറാക്കിയത്. തയ്യാറാക്കിയ റിപ്പോർട്ട് പദ്ധതിയുടെ ഭൗതിക നേട്ടം, ചെലവ് എന്നിവ സാക്ഷ്യപ്പെടാ ത്തവയാണ്. അതിനാൽ ഇവ മോണിട്ടറിംഗ് റിപ്പോർട്ടായി പരിഗണിക്കാനാവില്ല. അതിനാൽ പദ്ധതി മാർഗരേഖയിലെ 14.6 പാലിച്ചതായി കാണുന്നില്ല.
3. പദ്ധതി മാർഗരേഖയിലെ 14.7ലെ നിർദേശ പ്രകാരം നിർവഹണ കലണ്ടർ തയ്യാറാക്കിയതായി കാണുന്നില്ല.
4. 2017-18ൽ നിർവഹിച്ച 129പദ്ധതികൾക്കും പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല. അതിനാൽ പദ്ധതി മാർഗരേഖയിലെ 14.8 ലംഘിച്ചതായി കാണുന്നു.
5. പദ്ധതി മാർഗരേഖയിലെ നിർദേശം ഉൾക്കൊണ്ട് വികസന സെമിനാർ നടത്തിയതായി കാണുന്നില്ല.
6. അവസ്ഥാറിപ്പോർട്ട് ഗ്രാമസഭകളിൽ അവതരിപ്പിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പൊതു വികസനപ്രശ്നങ്ങൾക്കും സാധാരണ ജനങ്ങളുടെ ജീവിതത്തിലെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനുള്ള ഭരണഘടനാസംവിധാനമാണ് പദ്ധതി ആസൂത്രണനിർവഹണം എന്ന ആശയം ഉൾക്കൊണ്ട് അതിനനുസൃതമായ നടപടികൾ ഭരണസമിതി സ്റ്റാന്റിംഗ് കമ്മറ്റികൾ വിഷയനിർണ്ണയസമിതി എന്നിവകൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി, പെർമിറ്റ് സംബന്ധമായ അപാകതകൾ

(i)വസ്തു നികുതി പിരിവ് ഊർജ്ജിതമല്ല - കുടിശ്ശിക ലക്ഷങ്ങൾ

ഓഡിറ്റ് വേളയിൽ 2017-18 വർഷത്തെ വസ്തുനികുതിയിനത്തിൽ 13.26 ലക്ഷം രൂപ കുടിശ്ശിക നിലനിൽക്കുന്നു. (കറണ്ട് കുടിശ്ശിക 242777, അരിയർ കുടിശ്ശിക 1083986). പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനമായ വസ്തുനികുതിയിനത്തിൽ ഇത്രയേറെ കുടിശ്ശിക വരാനുണ്ടായ സാഹചര്യം ഗൗരവമായിക്കണ്ട് കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കാനാവശ്യമായ സത്വര നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

(ii)മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി പിരിച്ചില്ല

പഞ്ചായത്ത് പരിധിയിൽ ആകെ 12 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 7 മൊബൈൽ ടവറുകൾ മാത്രമാണ് വസ്തുനികുതി കൃത്യമായി പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ബാക്കി 5 മൊബൈൽ ടവറുകൾ വസ്തുനികുതി ഒടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) കുടിശ്ശിക പിരിച്ചെടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. വസ്തു നികുതി ഒടുക്കാതെ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കുന്നതിനായി വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

(iii) പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

പണി പൂർത്തിയാക്കി റെഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, പെർമിറ്റ് കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കി നമ്പർ ലഭിച്ച കെട്ടിടങ്ങൾ, പെർമിറ്റ് കാലാവധിക്കുള്ളിൽ (3 വർഷം) പണി പൂർത്തിയാക്കാത്തതിനാൽ പെർമിറ്റ് പുതുക്കി നൽകിയ കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ലൈസൻസ്/തൊഴിൽ നികുതി/സ്ഥാപന നികുതി കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ നിരവധി റേഷൻ കടകൾ, കള്ളുഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2017-18 വർഷം ഇവയിൽ ഏതാനും സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് ഡി & ഒ ഫീസ് ഈടാക്കിയത്.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കിയില്ല.

(i)കെ.എസ്.ഇ.ബി, കല്ലിശ്ശേരി (II nd Half, Inst. Tax)

(ii)S.S ഹ്യൂണ്ടായി, പ്രാവിൻകൂട്, (II nd Half,Inst. Tax)

(iii)ജോയ്സീസ് ബേക്കേഴ്സ് (II nd Half, തൊഴിൽ നികുതി)

(iv)കുഴുവേലിൽ ഫിനാൻസ്, (മാർക്കറ്റിന് പടിഞ്ഞാറ് ഭാഗം)(I & II nd Half,Inst. Tax)

(v)കരാറുകാർ (തൊഴിൽ നികുതി I & IInd Half)

(vi)കല്യാണമണ്ഡപങ്ങൾ (തൊഴിൽ നികുതി I & IInd Half)

(vii)മാവേലിസ്റ്റോറുകൾ (തൊഴിൽ നികുതി I & IInd Half)

(viii)റേഷൻ കടകൾ (തൊഴിൽ നികുതി I & IInd Half)

ലൈസൻസ്/തൊഴിൽ നികുതി/സ്ഥാപന നികുതി എന്നിവ ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തുക കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി/സ്ഥാപനനികുതി എന്നിവ ഈടാക്കേണ്ടതാണ്.

## 2-3 ഓഡിറ്റ് ഇംപാക്ട്

സ്ഥാപനങ്ങളിൽ നിന്ന് പ്രതിദിന വിറ്റുവരവിനനുസൃതമായി 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 7 പട്ടിക 2 പ്രകാരമുള്ള ഡി & ഒ ഫീസ് ഈടാക്കിയതിൽ കുറവുണ്ടായി. ടി ചട്ട പ്രകാരം പ്രതി ദിന വിറ്റുവരവ് 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് 4000/- രൂപ ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ IX-ാം വാർഡിൽ (IX/570)പ്രവർത്തിക്കുന്ന പെട്രോൾ പമ്പിൽ (എച്ച്.പി) നിന്നും 2017-18 ൽ 2000/- രൂപ മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയത്. (രസീത് നം.117010100381, 382, 383 തീ. 19.05.2017). ടി പമ്പിന്റെ ഉടമസ്ഥൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പ്രതിദിന വിറ്റുവരവ് 2 ലക്ഷം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (നം.15 തീ.20.07.2015) ബാലൻസ് തുകയായ 2000/- രൂപ 21/07/2018 ലെ 118010101129 -ാം രസീത് പ്രകാരം അടവാക്കുകയുണ്ടായി.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസനസെമിനാർ നടത്തിയതിലെ അപാകതകൾ

22.05.2017 ൽ തിരുവൻവണ്ടൂർ യു.സി.എ ഹാളിൽ വെച്ച് നടന്ന വികസന സെമിനാറിനോടനുബന്ധിച്ച് ഉച്ചഭക്ഷണ ചെലവായി 27000/- രൂപ (150 പേർക്ക് 180/- നിരക്കിൽ) അമ്പാടി കുടുംബശ്രീ യൂണിറ്റിന് നൽകി (വൗച്ചർ നം.21700201/17 തീ.06/07/2017). ഈ ചെലവ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(i)ടി കുടുംബശ്രീ യൂണിറ്റ് 2017-18 വർഷം പഞ്ചായത്തിന്റെ ഡി & ഒ ലൈസൻസോ ഫുഡ് & സേഫ്റ്റി ലൈസൻസോ എടുത്തിട്ടില്ല.

(ii)22.05.2017 ലെ വികസനസെമിനാർ മിനിട്സ് പ്രകാരം 77 പേർ മാത്രമാണ് വികസനസെമിനാറിൽ പങ്കെടുത്തതായി രേഖയുള്ളത്. എന്നാൽ 150 പേർ പങ്കെടുത്തതായി കണക്കാക്കി 180 രൂപ നിരക്കിൽ (150x180=27000/-) ചെലവഴിക്കുക വഴി 13140/- രൂപ(73x180) അധികചെലവുണ്ടായി.

(iii)ടി യോഗത്തിലെ അദ്ധ്യക്ഷനെ സംബന്ധിച്ചും യോഗതീരുമാനത്തെ സംബന്ധിച്ചും മിനിട്സിൽ രേഖപ്പെടുത്തൽ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19 തീ.27.07.2018) 200 പേർ വരുമെന്ന് പ്രതീക്ഷിച്ചാണ് 150 പേരുടെ ഭക്ഷണം ഓർഡർ ചെയ്തതെന്നും ടി കുടുംബശ്രീ യൂണിറ്റ് ഓർഡർ അനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലാണ് ഡി & ഒ ലൈസൻസ് എടുക്കാതിരുന്നതെന്നും മറുപടി ലഭിച്ചു.

ഈയിനത്തിൽ അധികമായി ചെലവഴിച്ച 13140/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ആഹാരം സപ്ലൈ ചെയ്യുന്നതുമായ കാറ്ററിംഗ് സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസും ഫുഡ് & സേഫ്റ്റി ലൈസൻസും എടുക്കേണ്ടതാണ്. ചെലവിന്റെ സുതാര്യത ഉറപ്പ്

വരുത്താനായി പങ്കെടുക്കുന്ന അംഗങ്ങൾ യഥാസമയം മിനിട്സിൽ ഒപ്പ് വെയ്ക്കേണ്ടതും യോഗതീരുമാനത്തെ സംബന്ധിച്ച മിനിട്സ് യഥാസമയം എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 3-2 എബിസി പ്രോഗ്രാം:പഞ്ചായത്തിന് പ്രയോജനം ലഭിച്ചില്ല

ജില്ലാപഞ്ചായത്തിന്റെ എബിസി പ്രോഗ്രാമിന് വിഹിതം നല്കിയെങ്കിലും ഗ്രാമപഞ്ചായത്തിന് പദ്ധതിയുടെ പ്രയോജനം ലഭിച്ചില്ല. പദ്ധതിയുടെ ഫലം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരിക്കണമായിരുന്നു. അത് നടന്നിട്ടില്ല. വികസന ഫണ്ട് 1,00,000/-രൂപ (ബിൽ7/8.8.2017)യാണ് സെക്രട്ടറി നടപ്പാക്കിയ 2/2018പ്രോജക്ടിൽ ഗ്രാമപഞ്ചായത്ത് പിൻവലിച്ച് നിക്ഷേപിച്ചത്. പദ്ധതി നടപ്പായതിന് തെളിവില്ലാത്തതിനാൽ ചെലവ് 1ലക്ഷം രൂപ തടസപ്പെടുത്തുന്നു. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 കേരളോത്സവം:ലക്ഷങ്ങളുടെ വരവ്/ചെലവ് അക്കൗണ്ട് ചെയ്തില്ല;ഗുരുതര അപാകങ്ങൾ

കേരളോത്സവത്തിന് പിരിച്ച 1,86,300/- രൂപയുടെ വരവ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അക്കൗണ്ട് ചെയ്തതില്ല. കൂടാതെ പരിപാടിയുടെ ആകെ ചെലവ് 2,54,199/-രൂപയിൽ 1,89,199/- രൂപ നേരിട്ട് ചെലവഴിച്ചതായും കാണുന്നു. സെക്രട്ടറിയാണ് പരിപാടി നടത്തിയത്.

നേരിട്ട് പിരിച്ചതിന് പുറമെ 2016-17, 2018-19 സാമ്പത്തിക വർഷങ്ങളിൽ 6,5000/-രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടും ഈ ആവശ്യത്തിലേക്ക് പിൻവലിച്ചിട്ടുണ്ട്. തുക സെക്രട്ടറി നേരിട്ട് ചെലവഴിക്കാതെ പരിപാടിയുടെ കോഡിനേറ്റർ എന്ന സ്വകാര്യവ്യക്തിക്ക് കൈമാറുകയായിരുന്നു. തെറ്റായ ഈ നടപടി ഗ്രാമപഞ്ചായത്ത് കമ്മറ്റി നിർദ്ദേശപ്രകാരമായിരുന്നു.

പഞ്ചായത്ത് ഫണ്ടായ ലക്ഷങ്ങളുടെ വരവ്/ചെലവ് അക്കൗണ്ട് ചെയ്യാഞ്ഞത് പഞ്ചായത്ത് രാജ് നിയമത്തിനും പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾക്കും വിരുദ്ധമാണ്. കേരളോത്സവത്തിന്റെ പണമിടപാടിൽ നിയമ ലംഘനം വ്യാപകമായിട്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ജാഗ്രതാ നടപടികൾ സ്വീകരിച്ചില്ല. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റി കേരളോത്സവത്തിന്റെ ആകെ വരവ്/ചെലവ് അംഗീകരിച്ചിട്ടുണ്ട്.

10.11.2017ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം-2 ലാണ് കേരളോത്സവത്തിന് 1,86,300/- രൂപ സംഭാവന പിരിച്ചതായും 2,54,199/- രൂപ ആകെ ചെലവഴിച്ചതായും കാണുന്നത്.

സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനത്തിന്റെ കൃത്യത ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല. 1,86,300/-രൂപ സംഭാവന പിരിച്ചതിന്റെ രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ,പിരിവ് ഒടുക്കിയ ബാങ്ക് അക്കൗണ്ട് പാസ്ബുക്ക് എന്നിവ ഓഡിറ്റിന് സമർപ്പിച്ചില്ല. ആകെ ചെലവിൽ 65,000/-രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കി. 1,98,199/-രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

കേരളോത്സവത്തിന് സംഭാവന പിരിക്കാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗികരസീതിലല്ല പിരിവ് നടത്തിയത്. ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക രസീത് ഗ്രാമലക്ഷ്മി മുദ്രാലയമാണ് നല്കേണ്ടത്. എന്നാൽ സ്വകാര്യ പ്രസിൽ അടിച്ച രസീതിലാണ് സംഭാവന പിരിച്ചത്. ഇതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല. അച്ചടിച്ച രസീതിന്റെ സ്റ്റോക്ക്, പ്രിന്റിംഗ് ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല. സ്വകാര്യ പ്രസിൽ അച്ചടിച്ച രസീത് ഉപയോഗിച്ച് ആരാണ് പിരിവ് നടത്തിയത് എന്നത് വ്യക്തമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരെ പിരിവിന് നിയോഗിച്ചിരുന്നതിന് ഓഫീസ് ഉത്തരവിൽ രേഖയില്ല.

സംഭാവന പിരിക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യക അനുമതി ഉത്തരവ് വാങ്ങിയിട്ടില്ല.

കേരളോത്സവത്തിന് ചെലവഴിച്ച ഗ്രാമപഞ്ചായത്ത് ഫണ്ട് 65,000/-രൂപയിൽ 50,000/-രൂപ പ്രോജക്ട്-70/18 പൊതുവിഭാഗം വികസനഫണ്ട് വകയിരുത്തിയതാണ്. സെക്രട്ടറിയാണ് ഇത് നടപ്പാക്കിയത്. 23.11.2017 ലെ

15(1) തീരുമാനം അനുസരിച്ച് 50,000/-രൂപ (06.01.18ലെ ബിൽ 21) ഒന്നായി പിൻവലിച്ച് ജൂണി.വി തോമസ് എന്ന കോഡിനേറ്റർക്ക് നല്കി. കൂടാതെ സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വിഹിതത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷം 15000 (ചെക്ക് 9350/2.7.18) രൂപ കൂടി കോഡിനേറ്റർക്ക് നല്കിയിട്ടുണ്ട്. ഇങ്ങനെ 65,000/-രൂപ കോർഡിനേറ്റർ എന്ന സ്വകാര്യവ്യക്തിക്ക് നല്കിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ട് സ്വകാര്യവ്യക്തിക്ക് കൈമാറിയതിലെ നിയമ ലംഘനം പഞ്ചായത്ത് കമ്മിറ്റി തിരിച്ചറിഞ്ഞില്ല.

കേരളോത്സവം എന്ന ഗ്രാമപഞ്ചായത്ത് പരിപാടിയുടെ ചെലവ് സ്വകാര്യവ്യക്തിക്ക് നല്കിയത് ഗ്രാമപഞ്ചായത്തിന് ബാധകമായ സർക്കാർ ധനവിനിയോഗ നിയമങ്ങളുടെ ലംഘനമാണ്. ഗ്രാമപഞ്ചായത്തിന്റെ ചെലവുകൾ കമ്മറ്റിയുടെ അംഗീകാരത്തോടെ സെക്രട്ടറിയാണ് നടത്തേണ്ടത്. മറിച്ച് സെക്രട്ടറിക്കും കേരളോത്സവത്തിന് സേവന/സാധനം നല്കിയവർക്കും ഇടയിൽ കോഡിനേറ്റർ എന്ന മൂന്നാം കക്ഷി ചെലവ് നടത്തുന്നത് ഗുരുതരമായ ക്രമക്കേടാണ്.

23/11/2017 ലെ തീരുമാനത്തിൽ കമ്മറ്റി 70,234/-രൂപയുടെ ചെലവാണ് അംഗീകരിച്ചത്. ചെലവിൽ പലതും വളരെ ഉയർന്നതും സാധൂകരണ രേഖകളാൽ തെളിയിക്കപ്പെടാത്തതുമാണ്. കേരളോത്സവ മാന്വലിന് വിരുദ്ധവുമാണ്.പ്രിന്റിംഗിന് 13,500/-രൂപ ചെലവഴിച്ചു. ഇത് ആകെ ചെലവിന്റെ 20%മാണ്. നോട്ടീസ് സ്പോൺസർ ചെയ്തത് കുതിരവട്ടം ഫ്യുവൽസ്, താര ഓഫ് സെറ്റ് എന്നിവരാണ്. പുറമെ പഞ്ചായത്ത് ഫണ്ട് 13,500രൂപ അച്ചടി ചെലവ് കാണിച്ചത് സാമ്പത്തിക ക്രമക്കേടാണ്. ഹരിതച്ചട്ടം ബാധകമായതിനാൽ ഗ്രാമപഞ്ചായത്ത് പരിപാടികളിൽ സർക്കാർ ഫ്ളക്സ് നിരോധിച്ചിട്ടുണ്ട്. എന്നാൽ ഫ്ളക്സിന് 8,950/-രൂപ ചെലവഴിച്ചു. വിധി നിർണയം-2000, വാർത്താസമ്മേളന ചെലവ്-1000, വിശിഷ്ടാതിഥി ചെലവ്-7000 എന്നിവക്ക് സാധൂകരണ രേഖകളില്ല.

സെക്രട്ടറിയിൽ നിന്ന് കൈപ്പറ്റിയ 65,000/-രൂപ കോഡിനേറ്റർ സാധനങ്ങളും സേവനങ്ങളും നല്കിയവർക്ക് കൊടുത്തതിനും തെളിവില്ല. യൂത്ത് വെൽഫയർ ബോർഡിന് അയച്ചുകൊടുത്ത റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

വാർഷിക ബജറ്റ് നിയന്ത്രണം ബാധകമായ പഞ്ചായത്ത് ചെലവ് രണ്ട് സാമ്പത്തിക വർഷങ്ങളിൽ നടത്തിയത് ശരിയായ ധനമാനേജ്മെന്റ് അല്ല.

സ്പോൺസർഷിപ്പ് ഉൾപ്പെടെ കേരളോത്സവത്തിന്റെ മൊത്തം വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കേരളോത്സവം പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല.

മുകളിൽ വിവരിച്ച ഗുരുതര അപാകങ്ങളുടെ വെളിച്ചത്തിൽ ഭരണവകുപ്പ് അന്വേഷിക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിലൂടെ ചെലവഴിച്ച 65,000/-രൂപയിൽ 17-18ലെ ചെലവ് 50,000 രൂപ തടസപ്പെടുത്തുന്നു.

## 3-4 ചെലവ് 10.10ലക്ഷം:തെരുവ് വിളക്ക് പരിപാലനത്തിൽ ഗുരുതര അപാകങ്ങൾ

10.10 ലക്ഷം രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് പരിപാലന പദ്ധതികളിൽ ഗുരുതര അപാകങ്ങൾ. ലക്ഷങ്ങളുടെ ചെലവ് സാധൂകരിക്കാൻ ആവശ്യമായ അടിസ്ഥാന രേഖകൾ ഇല്ലെന്നതാണ് ഏറ്റവും വലിയ ക്രമക്കേട്.

തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ ഗ്രാമപഞ്ചായത്ത് തയാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ഇല്ലാതെ ആസ്തി പരിപാലനത്തിനും അറ്റകുറ്റപണിക്കും വലിയ തുക ചെലവഴിക്കുന്നത് സാധൂകരിക്കാനാവാത്തതാണ്.

തെരുവ് വിളക്ക് പരിപാലനം/അറ്റകുറ്റപണിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് അടാട്ട് മാതൃകയാണ് സർക്കാർ നിർദേശിച്ചത്. ഗ്രാമപഞ്ചായത്ത് അടാട്ട് മാതൃകയിലല്ല പ്രോജക്ടുകൾ നിർവഹിച്ചത്.

അടാട്ട് മാതൃകയുടെ വലിയ ഗുണം പദ്ധതി നിർവഹണത്തിലെ ജനപങ്കാളിത്തമാണ്. ജനപങ്കാളിത്തം ഉറപ്പാക്കാൻ അടാട്ട് മാതൃക നിർദേശിക്കുന്ന യൂസർ ഗ്രൂപ്പുകൾ ഗ്രാമപഞ്ചായത്ത് രൂപീകരിച്ചില്ല. ഇതിനാൽ പദ്ധതിയിൽ ജനപങ്കാളിതം തീരെ ഇല്ലാതെ പോയി. ജനപങ്കാളിത്തം ഇല്ലാത്ത പദ്ധതി നിർവഹണം ക്രമക്കേടുകൾക്ക് സാധ്യതയേകുന്നതാണ്.

ഓഡിറ്റ് കണ്ടെത്തിയ പ്രധാന അപാകങ്ങൾ താഴെ വിവരിക്കുന്നു.

1.കേടായ തെരുവ് വിളക്കുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ പരാതി നല്കിയിട്ടില്ല. പരാതി രജിസ്റ്ററിലെ മുഴുവൻ പരാതികളും ബുക്ക് ചെയ്തിരിക്കുന്നത് ഗ്രാമപഞ്ചായത്ത് അംഗങ്ങളാണ്. പരാതി ബുക്ക് ചെയ്ത അംഗങ്ങൾ തന്നെയാണ് പരാതി പരിഹരിച്ചതായും സാക്ഷ്യപ്പെടുന്നത്.പരാതിക്കാർ തന്നെ പരാതി പരിഹരിച്ചതായി പറയുന്ന പദ്ധതി നിർവഹണത്തിൽ സുതാര്യതയില്ല.

2.സർക്കാർ നിർദേശിച്ച മാതൃകയിൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയാറാക്കിയിട്ടില്ല. വാർഡ് തിരിച്ച് പോസ്റ്റ് നമ്പരും തെരുവ് വിളക്കിന്റെ ഇനം /തരം,എണ്ണം എന്നിവ ചേർത്ത് രജിസ്റ്റർ തയാറാക്കാതെ ലക്ഷങ്ങൾ ചെലവഴിക്കുന്നത് ഗുരുതരമായ ക്രമക്കേടിന് വഴിവെക്കുന്നതാണ്. രജിസ്റ്ററിന്റെ അഭാവത്തിൽ ചെലവിന്റെ കൃത്യത തന്നെ തെളിയിക്കപ്പെടുന്നില്ല.

3.പ്രൊക്യൂയർമെന്റ് മാന്വൽ അടിസ്ഥാനമാക്കിയല്ല അറ്റകുറ്റപണിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിയത്. ആവശ്യമായ സാധനങ്ങളുടെ വാർഷിക ആവശ്യകത നിർണയിച്ചില്ല. എസ്റ്റിമേറ്റ് തയാറാക്കി ക്ഷമതയുള്ള ഏജൻസി/ഉദ്യോഗസ്ഥനെ കൊണ്ട് പരിശോധിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. ഗ്രാമപഞ്ചായത്ത് വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

4.രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് തയാറാക്കി സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.മോണിട്ടറിംഗ് കമ്മറ്റി യോഗ മിനിറ്റ്സ്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ തയാറാക്കിയിട്ടില്ല.

6.സൗരോർജ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വാർഡ് 8ലേക്ക് മാത്രമായി പ്രോജക്ട് 117ൽ 1,9,5000/-രൂപ ചെലവഴിച്ചു. മറ്റ് വാർഡുകൾക്കും ആവശ്യമായ പ്രോജക്ട് ഒരു വാർഡിൽ മാത്രം നിർവഹിച്ചത് അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണ്. ഗ്രാമപഞ്ചായത്ത് ഒറ്റ യൂണിറ്റായി കണ്ട് പ്രോജക്ട് നടപ്പാക്കിയെങ്കിൽ പദ്ധതിചെലവ് കുറയ്ക്കാമായിരുന്നു. ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയാറാക്കി അനർട്ട് പോലുള്ള സർക്കാർ ഏജൻസി അംഗീകരിച്ചിട്ടില്ല. അതിനാൽ വിപണിവിലയിലും കുറഞ്ഞ വിലയിലാണ് സാധനങ്ങൾ വാങ്ങിയത് എന്നത് തെളിയിക്കപ്പെടുന്നില്ല.ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ് വിതരണ സ്ഥാപനത്തിന് വേണ്ടി തയാറാക്കിയ ഗുണപരിശോധനാറിപ്പോർട്ടാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്നത്. ഇതിന് യാതൊരു ആധികാരികതയുമില്ല. പഞ്ചായത്തിന്റെ ഈ പദ്ധതി നടപ്പാക്കുന്നത് അന്വേഷിക്കാൻ 12.1.2018ൽ കമ്മറ്റി തീരുമാനിച്ചതായി കാണുന്നു. അന്വേഷണ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

7.ഒരേ ആവശ്യത്തിന് ഒന്നിലധികം പ്രോജക്ടുകൾ നടപ്പാക്കുന്നു. ഉദാഹരണം - 168/18,71/18,124/18,123/18,121/18 എന്നീ 5പ്രോജക്ടുകൾ. ഇവക്കെല്ലാം കൂടി ഒരു പദ്ധതി മതിയാകുമായിരുന്നു.

മുകളിൽ വിവരിച്ച അപാകങ്ങൾ സംഭവിക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റിയോ ധനകാര്യം, വികസനകാര്യം എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളോ എന്തെങ്കിലും ജാഗ്രതാ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ.നം | പ്രോജക്ടിന്റെ നമ്പരും പേരും | ചെലവ് | ട്രഷറി ബിൽ നം. | ഫയലിൽ കാണുന്ന പദ്ധതി നിർവഹണം |
|---|---|---|---|---|
| 1 | 168/18-തെരുവ് വിളക്ക് പരിപാലനം അറ്റകുറ്റപണി, ഇൻഷ്വറൻസ്,അനുബന്ധ ചെലവ് | 305430 | 37/28.2.18, 49/28.3.18 | അനിൽ കുമാർ കെ.വി എന്ന കരാറുകാരന് രണ്ട് പ്രവശ്യം അറ്റകുറ്റപണിക്കൂലി നല്കി. |
| 2. | 71/18-തെരുവ് വിളക്കിന് ആവശ്യമായ സാധനങ്ങൾ വാങ്ങലും സ്ഥാപിക്കലും. | 164150 | 36/26.02.18 | നാരങ്ങാനത്തെ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിൽ നിന്ന് തെരുവ് വിളക്ക് ഉപകരണം വാങ്ങി. |

| | | | | |
|---|---|---|---|---|
| 3. | 117/18-വാർഡ് സൗരോർജ വിളക്ക് സ്ഥാപിക്കൽ | 195000 | 38/28.2.18 | ഗ്രാമപഞ്ചായത്തിലെ സംസൺ പവർ കോർപ്പറേഷനിൽ നിന്ന് 10സൗരോർജ വിളക്ക് വാങ്ങി . |
| 4. | 124/18-വാർഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. | 8250 | 12/3.10.17 | ചെങ്ങന്നൂർ ആർ.കെ ഇലക്ട്രിക്കൽസിൽ നിന്ന് എൽഇഡി വാങ്ങി സ്ഥാപിച്ചു. |
| 5. | 123/18-വാർഡ് ഉദിച്ചന്തറ കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് . | 9900 | 21700815/20.10.17 | ചെങ്ങന്നൂർ ആർ.കെ ഇലക്ട്രിക്കൽസിൽ നിന്ന് എൽഇഡി വാങ്ങി സ്ഥാപിച്ചു. |
| 6. | 125/18-ഓട്ടോമാറ്റിക് സി.എഫ്.എൽ | 397565 | 21700834/17.11.17 | എറണാകുളത്തെ എഡിസൺ ഇലക്ട്രിക്കൽസിന് |
| 7. | 121/18-തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി | 17500 | 21700834/17.11.17 | സജി.പി.എൻ എന്ന കരാറുകാരന് അറ്റകുറ്റപണികൂലി |
| | ആകെ | 1097795 | | |

ചെലവ് സാധൂകരിക്കാൻ ആവശ്യമായ രേഖകളും രജിസ്റ്ററുകളും ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. അതിനാൽ പദ്ധതി നിർവഹണം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാക്കിയോ എന്നത് പരിശോധിക്കാൻ കഴിയുന്നില്ല. ഭരണ വകുപ്പിനോ ഗ്രാമസഭകൾക്കോ തുടരന്വേഷണത്തിലൂടെ നഷ്ടം തിട്ടപ്പെടുത്താവുന്ന താണ്. ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി സാധൂകരിക്കും വരെ ചെലവ് 1097795രൂപ തടസപ്പെടുത്തുന്നു.

## 3-5 അങ്കണവാടിയ്ക്കു മണ്ണിട്ടുയർത്തൽ - മതിയായ ആസൂത്രണമില്ലാതെ പദ്ധതി നിർവ്വഹണം നടത്തിയതു വഴി പാഴ്ച്ചെലവ്

പ്രോജക്റ്റ് നം. 14 /18

നിർവ്വഹണം അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ 1,75,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

'പതിമൂന്നാം വാർഡിലെ അങ്കണവാടിയ്ക്കു മണ്ണിട്ടുയർത്തൽ' എന്ന പേരിൽ 2015-16 ൽ അംഗീകാരം ലഭിക്കുകയും 2017-18 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി. പുതിയ കെട്ടിട നിർമ്മാണത്തിനായി താഴ്ന്ന സ്ഥലം മണ്ണിട്ടുയർത്തുന്നതിനുള്ള ഇനമാണ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ആസൂത്രണത്തിലെ പാളിച്ച മൂലം ലക്ഷ്യം കൈവരിക്കുന്നതിനു ഉതകുന്ന രീതിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിച്ചില്ല. പദ്ധതി രൂപീകരണ ത്തിലെയും നിർവ്വഹണത്തിലെയും പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണെന്ന് ഉറപ്പാക്കിയിട്ടില്ല. റവന്യൂ രേഖകൾ പ്രകാരം തോട്ട് പുറമ്പോക്കിൽ ഉൾപ്പെട്ടിട്ടുള്ള ഈ സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയാക്കി അതിർത്തികൾ നിർണ്ണയിച്ചിട്ടില്ല.
2. പ്രസ്തുത സ്ഥലം അങ്കണവാടിയ്ക്കു അനുയോജ്യമാണെന്ന സാമൂഹ്യ നീതി വകുപ്പിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
3. 209.95 m3 ഫില്ലിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ 101.57 m3 ഫില്ലിംഗ് മാത്രമാണ് നടത്തിയത്. ശരാശി 4m വീതിയിലും,16 m നീളത്തിലുമാണ് ഫില്ലിംഗ് നടത്തിയത്.വീതി കുറഞ്ഞ സ്ഥലം കെട്ടിട നിർമ്മാണത്തിനും അങ്കണവാടിയ്ക്കുള്ള അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും പര്യാപ്തമല്ല.

4. പദ്ധതിയുടെ ഗുണഭോക്തൃ സമിതി രൂപീകരച്ചതിന്റെ രേഖകൾ, വരവു ചെലവു കണക്കുകൾ എന്നിവ ലഭ്യമല്ല.
5. 1,75,000/- രൂപ വകയിരുത്തിയിരുന്ന പദ്ധതിയിൽ 80,859 രൂപ മാത്രമാണ് ചെലവഴിച്ചത്. സേവിംഗ്സ് ആയ 94,141/- മറ്റു പദ്ധതികൾക്കായി വകയിരുത്തുന്നതിൽ വീഴ്ച വരുത്തി.

മേൽ വിവരിച്ച ന്യൂനതകൾക്കു വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിററ് അന്വേഷത്തിനു (8/13-07-18) പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാണെന്നു തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതാണെന്നും, സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. കെട്ടിട നിർമ്മാണത്തിനായി സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും, ആസൂത്രണവും ഇല്ലാതെയാണ് പദ്ധതി ഏറ്റെടുത്തത്. നിലവിൽ മണ്ണിട്ടുയർത്തിയ സ്ഥലം, പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതോടൊപ്പം ഇതിനോട് ചേർന്ന് കൂടുതൽ സ്ഥലം ലഭ്യമാക്കി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ആശാരേ്യത്തു പടി-തൈപ്പറമ്പിൽ പടി നടപ്പാത കോൺക്രീറ്റിംഗ് -വാർഡ് 4 - ലക്ഷ്യം കൈവരിക്കാതെ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു

പ്രോജക്ട് നമ്പർ : 13 /18

അടങ്കൽ : 111140 ( മെയിന്റനൻസ് ഗ്രാന്റ് റോഡ്)

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

2015-16 വർഷം അംഗീകാരം ലഭിച്ച് 2017-18 വർഷം ഫൈനൽ ബിൽ നൽകിയ ആശാരേ്യത്തു പടി-തൈപ്പറമ്പിൽ പടി നടപ്പാത കോൺക്രീറ്റിംഗ് -വാർഡ് 4 എന്ന പദ്ധതിയിൽ ഫില്ലിംഗ്, 40 m റോഡ് കോൺക്രീറ്റിംഗ്, കനാലിനു കുറുകെ സ്ളാബ് നിർമ്മാണം എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ഈ പദ്ധതിയ്ക്കായി 1,11,140 രൂപ വകയിരുത്തിയിരുന്നു. എന്നാൽ എം. ബുക്ക് പരിശോധിച്ചതിൽ നിന്നും (എം. ബുക്ക് നം 52 /15-16) ഫില്ലിംഗ് എന്ന ഇനം മാത്രം പൂർത്തീകരിച്ച് പ്രവർത്തിയുടെ ഫൈനൽ ബിൽ നൽകിയിട്ടുള്ളതായി കാണുന്നു. പ്രവർത്തിയ്ക്കായി 17,473/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതി രൂപീകരച്ചതിന്റെയും, തീരുമാനങ്ങളെടുത്തതിന്റെയും വരവു-ചെലവു കണക്കുകളുടെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. റോഡ് കോൺക്രീറ്റ്, കനാലിനു കുറുകെയുള്ള സ്ളാബ് നിർമ്മാണം എന്നീ ഇനങ്ങൾ ഉപേക്ഷിച്ച് ഫൈനൽ ബിൽ നൽകിയതു മൂലം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. മിച്ചം വന്ന 93,667 രൂപ വകയിരുത്തി തൻവർഷം മറ്റു പദ്ധതികൾ ഏറ്റെടുത്തിട്ടുമില്ല.

പ്രവർത്തി പൂർത്തീകരിക്കാതെ പദ്ധതി ഉപേക്ഷിച്ചതിന്റെ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( 9 /13-07-18) റോഡിനു വീതി കൂട്ടുന്നതു സംബന്ധിച്ച തർക്കം നിലനിന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി.പ്രോജക്ട് സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നതിനും ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചുമതല നിർവ്വഹിച്ചിട്ടില്ല.ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കുന്നതിനു സ്റ്റാൻഡിംഗ് കമ്മറ്റിയും ഭരണ സമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-7 മഴുക്കീർ സ്കൂളിനു ഡൈനിംഗ് ഹാൾ നിർമ്മാണം -ആസൂത്രണത്തിലെ പാളിച്ചകൾ മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം : 102 /18

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 200000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

2017 -18 വർഷം അംഗീകാരം ലഭിച്ച 'മഴുക്കീർ സ്കൂളിനു ഡൈനിംഗ് ഹാൾ നിർമ്മാണം വാർഡ് -6 'എന്ന

പദ്ധതിയിൽ 2.5 m x 6 m എന്ന അളവിൽ കെട്ടിടം നിർമ്മിക്കുന്നതിനു ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. അരഭിത്തി, ഗ്രിൽ എന്നിവ സ്ഥാപിച്ച്, മേൽക്കൂര വാർക്കുന്നതിനും, തറ ടൈൽ പാകുന്നതിനും എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. എസ്റ്റിമേറ്റ് അനുസരിച്ചുള്ള വിസ്തീർണ്ണം സ്കൂളിന്റെ ആവശ്യങ്ങൾക്കു അപര്യാപ്തമായതിനാൽ 27-02-18 ലെ 1/9 തീരുമാനപ്രകാരം ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനു അനുമതി നൽകി. അര ഭിത്തി, ഗ്രിൽ, ട്രസ്സ് വർക്ക് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി 15 x 3.6 m അളവിൽ കെട്ടിടം നിർമ്മിക്കുന്നതിനു റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തറ കോൺക്രീറ്റിംഗ്, ടൈൽ പാകൽ, വയറിംഗ് എന്നീ ഇനങ്ങൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 18-01-18 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ചില്ല. അടിത്തറ, അരഭിത്തി, ഗ്രിൽ എന്നീ ഇനങ്ങൾ ചെയ്യാതെ ട്രസ്സ് വർക്ക് മാത്രം ചെയ്ത് 65,769/- രൂപയുടെ പാർട്ട് ബിൽ 2018-19 വർഷം നൽകിയിട്ടുണ്ട്.

തറ കോൺക്രീറ്റിംഗ്, ടൈൽ പാകൽ, വയറിംഗ് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുതകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതിനും ഉപേക്ഷിച്ച പ്രോജക്ടുകളുടെ സേവിംഗ്സ് പ്രസ്തുത പ്രോജക്ടിൽ വകയിരുത്തുന്നതിനു നടപടി സ്വീകരിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (12/13-07-18) മറുപടി ഹാജരാക്കിയില്ല. 222 കുട്ടികൾ പഠനം നടത്തുന്ന സ്കൂളിനു മതിയായ അടിസ്ഥാന സൌകര്യം ഒരുക്കി നൽകുന്നതിനുതകുന്ന രീതിയിൽ ഫണ്ട് വകയിരുത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ഫലപ്രദമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. പ്രോജക്ട് പൂർത്തീകരിക്കുന്നതിനു അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 മഴുക്കീർ സ്കൂൾ മെയിന്റനൻസ് -ടൈൽപാകലിനു അധിക നിരക്കു നൽകി- 71755 രൂപയുടെ അധിക ചെലവ്

പ്രോജക്ട് നം. : 16/18

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 548021 (മെയിന്റനൻസ് ഫണ്ട്)

എം.ബുക്ക് : 17/16-17

2015-16 അംഗീകാരം ലഭിക്കുകയും പ്രോജക്ട് നം. 66/16) 2017-18 വർഷം പൂർത്തീകരിക്കുകയും ചെയ്ത ' മഴുക്കീർ സ്കൂൾ മെയിന്റനൻസ് ' എന്ന പ്രവർത്തിയിൽ എസ്റ്റിമേറ്റിലെ ഇനം 1 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് ' providing and laying rectified glazed ceramic floor tiles of size 300 x 300 mm of approved make in all colours except white, ivory, grey, fume red brown ' എന്ന പ്രവർത്തിയാണ്. 2015-16 ൽ അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതിയുടെ എസ്റ്റിമേറ്റിൽ പ്രസ്തുത ഇനത്തിനു 1909.82/m2 എന്ന നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ DSR 2014 11.40 പ്രകാരം പ്രസ്തുത ഇനത്തിനു അനുവദനീയമായ നിരക്ക് 1009.60/m2 ആകുന്നു. 1.457 cost index ഉൾപ്പെടെ അനുവദനീയമായ ആകെ നിരക്ക് 1470.98/m2 ആകുന്നു. 179.29m2 ടൈൽ പാകിയതിനു 1909.82/m2 നിരക്കിൽ 3,42,411/- രൂപ അനുവദിച്ചിട്ടുണ്ട്. അധിക നിരക്കു നൽകിയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (എൻക്വയറി നം.13/16-07-18), ബ്ലോക്കിൽ നിന്നും അംഗീകരിച്ച നിരക്കായതിനാലാണ് ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. പ്രസ്തുത നിരക്ക് എപ്രകാരമാണ് തയ്യാറാക്കിയതെന്നുള്ള വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 16/21-07-18) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരണം ഹാജരാക്കിയിട്ടില്ല. അധിക നിരക്കു നൽകിയതു മൂലം ഉണ്ടായ നഷ്ടം ചുവടെ ചേർക്കും പ്രകാരം നിർണ്ണയിക്കുന്നു.

കരാറുകാരനു നൽകിയ തുക - 179.29m2 x 1909.82 /m2 = 342411.63

(-) 8.80 % ടെണ്ടർ കുറവ് = 30132.22

---------------

312279.41

============

നൽകാവുന്ന തുക - 179.29m2 x 1470.98/m2 = 263732.004

(-) 8.80 % ടെണ്ടർ കുറവ് = 23208. 41

----------------

240524

============

വ്യത്യാസം = 312279.41- 240524 = 71755

അധികം നൽകിയ 71,755/- രൂപ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ചെലവു വിവരം ബിൽ നം. തുക

5/17-18/29 -06-17 4,83,601

## 3-9 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭിച്ചില്ല

പ്രോജക്ട് നം.S0057/18

S0057/18നമ്പരായി അംഗീകാരം ലഭിച്ച 'ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്ടിനായി 5 ലക്ഷം രൂപ (ബിൽ നം.1/2017-18 തീ.28.09.2017) പിൻവലിച്ച് ഔഷധിയ്ക്ക് നൽകിയിരുന്നു. ടി തുകയിൽ 4,58,013/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. കരാർ പ്രകാരം പണം കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ മരുന്നുകൾ പൂർണ്ണമായി സപ്ലൈ ചെയ്തില്ലായെങ്കിൽ നഷ്ടപരിഹാരം നൽകാൻ ഔഷധിയ്ക്ക് ബാധ്യതയുണ്ട്. ബാക്കി 41,987/- രൂപയുടെ മരുന്നുകൾ ലഭിക്കാതിരുന്നതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1 തീ.09.07.2018) ഔഷധിയുമായി നടത്തിയ കത്തിടപാടുകളും ഔഷധിയുടെ മറുപടിയും മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്നതുവരെ ലഭിക്കാനുള്ള മരുന്നിന്റെ ചെലവ് തുക (41,987/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ യഥാസമയം ലഭിക്കാനാവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥരോടൊപ്പം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതാണ്.

## 3-10 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - പകുതിയിലധികം മരുന്നുകൾ ലഭിച്ചില്ല

പ്രോജക്ട് നം.S0086/18

ചെലവ്-3,00,000/-

'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്ടിനായി 3 ലക്ഷം രൂപ ബിൽ നം.1/2017-18 തീ.27.10.2017 പ്രകാരം പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിരുന്നു. എന്നാൽ ടി തുകയിൽ 1,39,255/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 1,60,745/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചില്ല. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച് ഹോംകോയുമായി കരാർ ചമച്ചതായും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ഇതിന്മേൽ ഫലപ്രദമായി ഇടപെട്ടതായും രേഖയില്ല. ലഭിക്കാനുള്ള മരുന്നിന്റെ ചെലവ് (160745/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2 തീ.10.07.2018) മരുന്നുകൾ ഉടൻ ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്. ലഭിക്കാനുള്ള മരുന്നുകൾ അടിയന്തിരമായി ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഹോമിയോ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ - വ്യത്യസ്ത ഉപകരണങ്ങൾ ഒറ്റ ടെൻഡറിൽ വാങ്ങി

ചെലവ്-100779/-

ബിൽ നം.02/2017-18 തീ.18.12.2017

പ്രോജക്ട് നം.S0096/18

വാങ്ങിയ 11 ഇനം ഉൽപ്പന്നങ്ങളിൽ 6 ഉൽപ്പന്നങ്ങൾ ഫർണീച്ചറും 5 ഉൽപ്പന്നങ്ങൾ മാത്രം ആശുപത്രി ഉപകരണങ്ങളുമാണ്. ഫർണീച്ചറുകളും ആശുപത്രി ഉപകരണങ്ങളും വാങ്ങുന്നതിനായി ഒറ്റ ടെൻഡർ ക്ഷണിക്കുക വഴി പങ്കെടുത്ത സ്ഥാപനങ്ങളുടെ എണ്ണം നന്നേ കുറഞ്ഞു. പങ്കെടുത്തവയിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത 'ഗാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സ്' എന്ന ആശുപത്രി ഉപകരണങ്ങൾ വിൽക്കുന്ന സ്ഥാപനത്തിൽ നിന്നും ആശുപത്രി ഉപകരണങ്ങൾക്കൊപ്പം ഫർണീച്ചറും വാങ്ങുവാനിടയായി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2 തീ.10.07.2018) പ്രോജക്ട് നിവഹണത്തിന്റെ സങ്കീർണ്ണത ഒഴിവാക്കി പെട്ടെന്ന് നിർവഹണം നടത്താനാണ് ഇത്തരത്തിൽ പഞ്ചായത്ത് ടെൻഡർ ക്ഷണിച്ചതെന്ന് മറുപടി ലഭിച്ചു. ഒരേയിനങ്ങളിലുള്ള ഉപകരണങ്ങൾക്കായി ഒറ്റ ടെൻഡറും വ്യത്യസ്ഥ ഇനം ഉപകരണങ്ങൾക്ക് വ്യത്യസ്ഥ ടെൻഡറും ക്ഷണിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഭാവിയിൽ ഉണ്ടാവേണ്ടതും പർച്ചേസുകളിൽ പരമാവധി സ്ഥാപനങ്ങളെ പങ്കെടുപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-12 'പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ' - മരുന്നുകളൊന്നും ലഭിച്ചില്ല

പ്രോജക്ട് നം.S0082/18

പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

ചെലവ്-82,485/-

ബിൽ നം.15/2017-18 തീ.28.03.2018

S0082/18നമ്പരായി അംഗീകാരം ലഭിച്ച 'പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്റ്റിനായി 82,485/- രൂപ ബിൽ നം.15/2017-18 തീ.28.03.2018 പ്രകാരം പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിരുന്നു. ടി തുക കൈപ്പറ്റിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ നാളിതുവരെ മരുന്നുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച് കത്തിടപാടുകളൊന്നും നടന്നതായി രേഖയില്ല. മരുന്നുകളൊന്നും തന്നെ ലഭിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7 തീയതി.12.07.2017) ട്രഷറിയിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്ത രേഖ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 'പി.എച്ച്.സി യ്ക്ക് കമ്പ്യൂട്ടറും മൾട്ടി ഫങ്ഷൻ പ്രിന്ററും വാങ്ങൽ' - കരാർ തുകയേക്കാൾ അധികചെലവ്

പ്രോജക്ട് നം.S0187/18

ചെലവ്-54634/-

ബിൽ നം.10/2017-18, 11/2017-18 തീ.17.03.2018

മേൽ പ്രോജക്ടിലേക്കാവശ്യമായ ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറഞ്ഞ ക്വട്ടേഷൻ രേഖപ്പെടുത്തിയ Rysen Systems & Technologies, Chengannur എന്ന സ്ഥാപനത്തിന് കരാർ തുകയായ 54,600/- ന പകരം 54,634/- രൂപ മാറി നൽകുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനം തുക കൈപ്പറ്റിയത്

സംബന്ധിച്ച് കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല. കമ്പ്യൂട്ടറും പ്രിന്ററും ലഭിച്ചതു സംബന്ധിച്ച് സ്റ്റോക്ക് എൻട്രി വരുത്തുകയോ ലഭ്യമാക്കിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് സാക്ഷ്യപ്പെടുത്തുകയും നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള (HP Slimline 270-p033, Epson m 200) കമ്പ്യൂട്ടറും പ്രിന്ററുമാണ് ലഭിച്ചതെന്നും ഉറപ്പ് വരുത്തിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) ട്രഷറി ട്രാൻസ്ഫർ വൗച്ചറും ക്വട്ടേഷനുകളും മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. കരാർ തുകയേക്കാൾ അധികമായി നൽകിയ 34/- രൂപ നിർവഹണ ഉദ്യോഗസ്ഥൻ തിരിച്ചടയ്ക്കേണ്ടതാണ്. ലഭിച്ച ഉപകരണങ്ങൾ ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള താണെന്നും പ്രവർത്തനക്ഷമമാണെന്നും ഉറപ്പ് വരുത്തി സ്റ്റോക്ക് എൻട്രി വരുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-14 പാലിയേറ്റീവ് പരിചരണം - ചെലവ് രേഖകൾ സൂക്ഷിച്ചില്ല

പ്രോജക്ട് നം.97/18

പാലിയേറ്റീവ് പരിചരണത്തിനായി ആകെ ചെലവഴിച്ച 3,89,653/- രൂപയിൽ ബിൽ നം.13/2017-18 തീ.28.03.2018 പ്രകാരം മാറിയ 38,573/- രൂപയുടെ ചെലവ് രേഖകൾ/വൗച്ചറുകൾ പ്രോജക്ടിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) 5 ഗുണഭോക്താക്കൾക്കായി ടി തുക ട്രാൻസ്ഫർ ചെയ്ത ട്രഷറി വൗച്ചർ മാത്രമാണ് ഹാജരാക്കിയത്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) മാർച്ച് മാസത്തെ തിരക്കിൽ ബില്ലിനോടൊപ്പം സമർപ്പിച്ച വൗച്ചറുകളുടെ പകർപ്പ് എടുക്കാൻ വിട്ടു പോയെന്നും ടി രേഖകൾ ട്രഷറിയിൽ നിന്നും മേൽ ഓഫീസിലേക്ക് അയച്ചു കൊടുത്തതിനാൽ ഇപ്പോൾ ലഭ്യമല്ലായെന്നും മറുപടി ലഭിച്ചു. ചെലവ് രേഖ ഹാജരാക്കാത്തതിനാൽ ടി ചെലവ് തടസ്സപ്പെടുത്തുന്നു. രോഗങ്ങളാൽ അങ്ങേയറ്റം ദുരിതം അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്താൻ ഇത്തരം അലംഭാവം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പട്ടികജാതി വികസനം: വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമായില്ല

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണനിർവഹണത്തിൽ പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായില്ല. ഇതിനാൽ സർക്കാർ ഓഡിറ്റ് വർഷം അനുവദിച്ച പ്രത്യേകഘടകപദ്ധതി ഫണ്ട് (എസ്.സി.പിഫണ്ട്) മുഴുവൻ ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. 6,45,183/-രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. ഓഡിറ്റ് വർഷം സർക്കാർ 35,67,819/-രൂപ എസ്.സി.പി ഫണ്ട് ഗ്രാമപഞ്ചായത്തിന് അനുവദിച്ചു. ഇതിൽ 29,22,636/-രൂപ ചെലവഴിച്ചു. ചെലവ് 82%. വർക്കിംഗ് ഗ്രൂപ്പ് ഉണർന്ന് പ്രവർത്തിച്ചിരുന്നെങ്കിൽ സർക്കാർ നല്കിയ ഫണ്ടിൽ 6,45,183/-രൂപ കൂടി ഫലപ്രദമായി ചെലവഴിച്ച് ചെലവ് 100%മാക്കാമായിരുന്നു.

പട്ടികജാതി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാനവീഴ്ചകൾ

1.21പേജുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയാറാക്കിയെങ്കിലും റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ മിക്കവയും പദ്ധതികളായില്ല.

## 3-16 സ്റ്റാന്റിംഗ് കമ്മറ്റി ഇടപെട്ടില്ല,കുടുംബശ്രീ പദ്ധതികൾ പരിമിതപ്പെട്ടു

ഗ്രാമപഞ്ചായത്തിന്റെ ദാരിദ്ര്യ ലഘൂകരണ ഏജൻസിയായ സി.ഡി.എസിന്റെ പദ്ധതികൾ പരിമിതപ്പെട്ടു. പദ്ധതികൾ പരിമിതപ്പെട്ടിട്ടും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇടപെട്ടില്ല.

അഗതി ആശ്രയ പദ്ധതി ഭക്ഷണവിതരണം മാത്രമായി. ആശ്രയ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനായില്ല.സിഡിഎസിന്റെ പദ്ധതികൾ പരിമിതപ്പെട്ടിട്ടും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒരു ഘട്ടത്തിലും ഇടപെട്ടതായി കാണുന്നില്ല.

ആശ്രയ ഭവന നിർമ്മാണത്തിൽ സമയബന്ധിതമായ പുരോഗതി കാണുന്നില്ല.ഓഡിറ്റ് വർഷം 3ആശ്രയ

ഭവനങ്ങൾ പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യം. 3വീടുകൾക്ക് 9 ലക്ഷം രൂപ ജില്ലാപഞ്ചായത്ത് അനുവദിച്ചിരുന്നു. 3 വീടുകൾക്ക് 50,000/- രൂപ വീതം 1,50,000/-മുൻകൂർ നല്കി പദ്ധതി അവസാനിപ്പിച്ചു. ഓഡിറ്റ് വേളയിലും വീടുകൾ പൂർത്തിയായതായി കാണുന്നില്ല.

അഗതി ആശ്രയ പദ്ധതി ഭക്ഷണം ഒഴികെ മറ്റ് ക്ലേശഘടകങ്ങൾ പരിഹരിച്ചില്ല. 92,524/-രൂപ മാത്രമാണ് ലക്ഷങ്ങൾ നിക്ഷേപമായ ആശ്രയഅക്കൗണ്ടിൽ നിന്ന് ഓഡിറ്റ് വർഷം ചെലവഴിച്ചത്. ഇത് ഭക്ഷണവിതരണത്തിന് മാത്രമായിരുന്നു. ഈ പദ്ധതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ പദ്ധതികളിലും കുടുംബശ്രീയെ വലിയ തോതിൽ അവഗണിച്ചതായി കാണുന്നു. കുടുംബശ്രീ യൂണിറ്റുകൾക്ക് വേണ്ടി പദ്ധതികൾ നടപ്പാക്കിയില്ല. 2017-18 സാമ്പത്തിക വർഷം ദാരിദ്ര്യ ലഘൂകരണത്തിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യമായ പരിഗണന നൽകാഞ്ഞതാണ് ഇതിന് കാരണം. നൽകിയിരുന്നു എങ്കിൽ ആസൂത്രണ പ്രക്രിയയിൽ അത്തരം പദ്ധതികൾ ഉൾപ്പെട്ടേനെ. 107 കുടുംബശ്രീ യൂണിറ്റുകൾ ഗ്രാമപ ഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പുതിയ പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവ തുറന്ന് നല്കിയ സാധ്യതകൾ ഉൾക്കൊണ്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. മറ്റ് നിർവഹണഉദ്യോഗസ്ഥർ നടപ്പാക്കിയ വ്യക്തിഗത ആനുകൂല്യ പ്രോജക്ടുകളിലും കുടുംബശ്രീ യൂണിറ്റുകളെ അവഗണിച്ചതായി കാണുന്നു.

മറ്റ് അപാകങ്ങൾ

1. 2017-18ലെ സി.ഡി.എസ് മിനിറ്റ്സ് അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വനിതാ അംഗങ്ങൾ സി.ഡി.എസിന്റെ ഒരു യോഗത്തിലും പങ്കെടുത്തതായി കാണുന്നില്ല.
2. സി.ഡി.എസിന്റെ അഗതി ആശ്രയ പദ്ധതിയുടെ പാസ് ബുക്കിൽ 31.03.18ലെ നീക്കിയിരിപ്പ് 28,19,905രൂപയാണ്. ഇതിൽ 2,50,000/-രൂപ ആശ്രയപദ്ധതിയിലെ പട്ടികവിഭാഗം ഗുണഭോക്താവിന് വീട് നിർമ്മാണത്തിന് ജില്ലാപഞ്ചായത്ത് നല്കിയതാണ്. തുക നല്കി വർഷങ്ങൾ കഴിഞ്ഞിട്ടും ഇത് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താവിന് സഹായം ആവശ്യമില്ലെന്ന് സി.ഡി.എസ് ഭാരവാഹി പറയുന്നു. അതിനാൽ ഈ തുക പലിശ സഹിതം ജില്ലാപഞ്ചായത്തിൽ തിരികെ ഒടുക്കി രസീത് ഓഡിറ്റിനെ കാണിക്കേണ്ടതാണ്. നീക്കിയിരിപ്പിൽ ഓഡിറ്റ് വർഷം ജില്ലാമിഷനിൽ നിന്ന് ലഭിച്ച ചലഞ്ച് ഫണ്ട് 3,33,333/-രൂപയും ഉൾപ്പെടുന്നു.

ലക്ഷങ്ങൾ നിക്ഷേപമാക്കി നിലനിർത്താതെ അഗതി ആശ്രയ പദ്ധതി കാര്യക്ഷമമായി നടത്തുവാൻ സി.ഡി.എസും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-17 പഠനമുറി പൂർത്തിയായില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പഠനമുറി പദ്ധതി പൂർത്തിയായില്ല. 30 വിദ്യാർത്ഥികളെയാണ് വി.ഇ.ഒ നടപ്പാക്കിയ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുത്തത്. ഇതിൽ 13പേർ ഓഡിറ്റ് വർഷം പഠനമുറി പണിതു. ബാക്കി 17പേർക്ക് വേണ്ടി പദ്ധതി തുടർപദ്ധതിയായിരിക്കുകയാണ്. ഒരു ഗുണഭോക്താവിന് 1,00,000/-രൂപയായിരുന്നു പദ്ധതി സഹായം. പദ്ധതി ഓഡിറ്റ് വർഷം തന്നെ പൂർത്തിയാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ പട്ടികജാതി വർക്കിംഗ് ഗ്രൂപ്പോ ഇടപെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ സഹായത്തോടെ സംയുക്ത പദ്ധതിയായിരുന്നു. 30 ലക്ഷം അടങ്കലിൽ 20 ലക്ഷം ജില്ലാപഞ്ചായത്ത് ലഭ്യമാക്കി. ബാക്കി 10ലക്ഷം ഗ്രാമപഞ്ചായത്തിന്റെ എസ്.സി.പി ഫണ്ട്. ഇതിൽ ഓഡിറ്റ് വർഷം 19,55,000രൂപ ചെലവഴിച്ചു (ബിൽ നം.9/28.02.18 – 10 ലക്ഷം, ചെക്ക് നം.888212/31.03.18 – 1,26,000/- രൂപ, ചെക്ക് നം.വ്യക്തമല്ല/22.03.18 – 1,00,000/-രൂപ, ചെക്ക് നം. വ്യക്തമല്ല/09.05.18 – 7,29,000/-രൂപ). 13പേർ പഠനമുറി പൂർത്തിയാക്കിയതിനാൽ ആകെ ചെലവിൽ 13,00,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നു. ബാക്കി 6,55,000/-രൂപ തടസപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധന

അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | കാലിത്തീറ്റ വിതരണം | 0 | 1,00,000 |
| ,, | ,, | 5,16,000 | നെൽകൃഷി വികസനം | 366042 | 1,49,958 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20,00,000 | പഠന മുറി (എസ്.സി) | 955000 | 10,45,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |

## 4-3 ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 2/27/2018 | 120275 | 0 | 120275 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 31736/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3(5) | 17206 | എം.കെ.ശശികുമാർ, ക്ലർക്ക് | 117010102664 dt.01.01.2018 |
| 2013-14 | 3(2) | 8329 | സൂസൻ ജേക്കബ്, അസിഎഞ്ചിനീയർ | 117010101356 dt.27.09.2017 |
| 2011-12 | 3(5) | 840 | പ്രതാപൻ പിള്ള, ക്ലർക്ക് | 117010101452 dt.9.10.2017 |
| 2013-14 | 3(3) | 5361 | വിരാജ് തമ്പുരാൻ, വി.ഇ.ഒ | 117010101356 dt.12.02.2017 |
| | ആകെ | 31736 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 29 | 2003-04 | 88 | മുൻകൂർ തുക നൽകി, റോഡ് പണി പൂർത്തീകരിച്ചില്ല | 05.02.2015 ലെ കമ്മറ്റി 1(2) -ാം തീരുമാന പ്രകാരം പഴയംപള്ളി - ഐക്കപ്പള്ളി റോഡ് പൂർത്തിയായ തായി വിലയിരുത്തിയിട്ടുണ്ട്. മറ്റു രേഖകൾ ലഭ്യമല്ല |
| 1999-00 | 32 | 2003-04 | 89 | കിണർ നിർമ്മാണം - സ്വകാര്യ വ്യക്തികളെ ഏൽപിച്ചു. | 05.02.2015 ലെ 1(3) -ാം തീരുമാന പ്രകാരം പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു |
| 1999-00 | 36 | 2003-04 | 90 | തിരുവൻവണ്ടൂർ ഗവ.LPS ചുറ്റുമതിൽ നിർമ്മാണം - M book ഹാജരാക്കിയില്ല | M-book കണ്ടെത്താനാകാത്തതിനാൽ പണി പൂർത്തിയായതിന്റെ അടിസ്ഥാന ത്തിൽ 05.02.15 ലെ കമ്മറ്റി 1(4) -ാം തീരുമാനപ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| 2009-10 | 1(1) | 2011-12 | 1(എ) | ക്യാഷ് ബുക്ക് അപൂർണ്ണം | ജി.ഒ.പി നം-319/2003 ധന/ 12.06.2003 ഉത്തരവ് പ്രകാരം ക്യാഷ് ബുക്ക് എഴുതി നൽകിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | 1(2) | 2011-12 | | ചെലവ് രജിസ്റ്റർ അപൂർണ്ണം | ചെലവ് രജിസ്റ്റർ എഴുതിയിട്ടുണ്ട്. |
| | 1(3) | 2011-12 | | വൗച്ചറുകൾക്ക് നമ്പരില്ല. ചെലവുകൾ പ്രസിഡൻറ് അധികാരപ്പെടുത്തിയിട്ടില്ല. | വൗച്ചറുകൾക്ക് നമ്പരിട്ട് സൂക്ഷിച്ചിട്ടുണ്ട്. ചെലവുകൾ പ്രസിഡന്റ് അധികാരപ്പെടുത്തി യിട്ടുണ്ട്. |
| | 3(1)എ | 2011-12 | 2(എ) | സെൽഫ് ചെക്കായി 1,19,892/-രൂപ പിൻവലിച്ചു. 27,397/-രൂപയുടെ ധനാപഹരണം. | ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള അപാകത പരിഹരിച്ചിട്ടുണ്ട്. 10,450/-രൂപ 18% പലിശ സഹിതം മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| | 3(1)ബി | ,, | 2(ബി) | 1.റിക്കവറിക്കായി പിൻവലിച്ച തുകയിൽ ക്രമക്കേട്<br>2.ഓണം അഡ്വാൻസ് സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.<br>3.ശ്രീ.ശർമ്മ,H.C യുടെ 10/2009 ലെ KSFE - റിക്കവറി | ശ്രീ.ശർമ്മ, H.C യുടെ 10/2009 ലെ KSFE - റിക്കവറി ചെക്ക് നം.472/-<br>22-10-2009 പ്രകാരം 600/- രൂപയും ചെക്ക് നമ്പർ-2015, 20-01-2010 പ്രകാരം 4,000/- രൂപയും ഫെഡറൽ ബാങ്കിന്റെ തിരുവൻവണ്ടൂർ ശാഖയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെന്ന് എഴുകോൺ KSFE യിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| | | ,, | 2(ബി)4 | ശ്രീ.ശർമ്മ,H.C യുടെ HBA റിക്കവറി | ശ്രീ.ശർമ്മ, H.C യുടെ റിക്കവറി അടച്ചതായി കാണുന്നില്ല. |
| | | ,, | 2(ബി)4 | ശ്രീ.സന്തോഷ്,പ്യൂൺ 10/2009 ലെ കോർട്ട് അറ്റാച്ച്മെൻറ് | ജീവനക്കാരുടെ കെ.പി.ഇ. പി.എഫ് 11,190/- രൂപ 1504 നമ്പർ ചെല്ലാൻ പ്രകാരവും ജി.ഐ.എസ് 600/- രൂപ 1483 നമ്പർ ചെലാൻ പ്രകാരവും എസ്.എൽ. ഐ 900/- രൂപ 1491 നമ്പർ ചെലാൻ പ്രകാരവും ചെങ്ങന്നൂർ സബ് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ LIC തുക 105 രൂപ ഒടുക്കിയതിന്റെ രേഖ ഇല്ല. |
| 2009/10 | 3-2 | 2011/12 | 3 | പി.എച്ച്.സി അറ്റകുറ്റ പണി ബാക്കി തുക ഡെപ്പോസിറ്റ് റീഫണ്ട് 71535/- രൂപയുടെ ക്രമക്കേട് | രേഖകൾ ഹാജരാക്കിയിട്ടില്ല. നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2009/10 | 3-2(എ) | 2011/12 | 3(എ) | പിൻവലിക്കൽ ക്രമ വിരുദ്ധം,<br>49035/-രൂപ പിൻവലിച്ചതിന് ക്രമക്കേട് | 49035/-രൂപയും 18%പലിശയും മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| 2009/10 | 3-2(ബി) | 2011-12 | 3(ബി) | EMD-SD, റീഫണ്ട് പിൻവലിക്കൽ ക്രമവിരുദ്ധം രൂപ 22,500/- | 22,500/- രൂപ 18% പലിശ സഹിതം മുൻ സെക്രട്ടറി കെ.കെ.ശേഖരനിൽ നിന്നും ഈടാക്കിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 2009/10 | 3-3 | 2011/12 | | ചെലവുകൾ അപൂർണ്ണം ഉള്ള വിവരങ്ങൾ വാസ്തവവിരുദ്ധം. | ചെലവു രജിസ്റ്ററുകൾ കൃത്യമാക്കിയിട്ടുണ്ട്. |
| 2009/10 | 1-4 | 2011/12 | 5 | പ്രസിഡന്റിന്റെ അനുമതിയില്ലാതെ 2,16,561/- രൂപ ചിലവഴിച്ചത് | ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,53,91,191 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,06,34,146 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 71,755 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 22,39,729 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 71755 | ബി.അഭിലാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ<br>കെ.ജി.ശ്രീകല, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 71755 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 13,140 | കെ.പി.അനിലകുമാരി, സെക്രട്ടറി, തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് |
| 3-2 | 1,00,000 | ബെറ്റി ടീസ, സെക്രട്ടറി |
| 3-3 | 50,000 | „ |
| 3-4 | 10,97,795 | „ |
| 3-9 | 41,987 | ഡോ.ഗിരിജ.എസ്, മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഹോസ്പിറ്റൽ, തിരുവൻവണ്ടൂർ |
| 3-10 | 1,60,745 | ഡോ. പ്രീത നായർ, മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, തിരുവൻവണ്ടൂർ |
| 3-12 | 82,485 | ഡോ.ഷീജ.പി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-14 | 38573 | ഡോ.ഷീജ.പി.എൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-17 | 6,55,000 | എസ്.ലാലി, വി.ഇ.ഒ |
| ആകെ | 22,39,725 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-4, 3-5

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി.അഭിലാഷ്,<br>എ.ഇ, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | എ.ഇ, ബുധനൂർ ഗ്രാമപഞ്ചായത്ത് | ബി.അഭിലാഷ്, ശ്രീകൃഷ്ണവിലാസം, മൈനംകോട്, പേയാട്.പി.ഒ, തിരുവനന്തപുരം |
| കെ.പി.അനിലകുമാരി | ലഭ്യമല്ല | സ്വാതി ഹൌസ്, നെല്ലുംമൂട്, മുരുക്കുംപുഴ.പി.ഒ, തിരുവനന്തപുരം |
| ബെറ്റി.ജെ.ട്രീസ | സെക്രട്ടറി, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് | ആശിഷം, നിറ 51, തോട്ട<br>ത്തിൽ ലെയിൻ, കുശവർക്കൽ റോഡ്, നാലാഞ്ചിറ.പി.ഒ, തിരുവനന്തപുരം |
| ഡോ.ഗിരിജ.എസ്, മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, തിരുവൻവണ്ടൂർ | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, തിരുവൻവണ്ടൂർ | അശ്വതി, TC 37/90, പഴവങ്ങാടി സ്ട്രീറ്റ്, ഫോർട്ട പി.ഒ, തിരുവനന്തപുരം |
| ഡോ.ഷീജ.പി.എൻ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി), ഇരമല്ലിക്കര | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഇരമല്ലിക്കര | ലഭ്യമല്ല |
| ഡോ. പ്രീത നായർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഗവ.ഹോമിയോ ഡിസ്പെൻസറി, തിരുവൻവണ്ടൂർ | ലക്ഷ്മി ഭവൻ, മാലൂർ പി.ഒ, പത്തനാപുരം |
| കെ.ജി.ശ്രീകല, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിവരം ലഭ്യമല്ല | നിയതി, ചുനക്കര ഈസ്റ്റ്, ചുനക്കര പി.ഒ, മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996/97 | എൽ.എഫ്.എ.8/321/01/17.04.01/08.06.01 ചെലവ് |
| 1997/98 | എൽ.എഫ്.എ.8/320/01/17.04.01/08.06.01 |
| 1998/99 | എൽ.എഫ്.എ.8/1314/02//18.12.2002 |
| 1999/2000 | എൽ.എഫ്.എ.8/1315/02/11.06.2003 |
| 2000/2001 | എൽ.എഫ്.എ.8/943/05/05.05.06 |
| 2001/2002 | എൽ.എഫ്.എ.8/943/05/05.05.06 |
| 2002/2003 | എൽ.എഫ്.എ.11/942/08 |

| | |
|---|---|
| 2003/04 | എൽ.എഫ്.എ.11/943/08/27.01.09/08.04.09 |
| 2004/05 | എൽ.എഫ്.എ.11/737/10/31.10.11 |
| 2005/06 | എൽ.എഫ്.എ.11/738/10/31.10.11 |
| 2006/07 | എൽ.എഫ്.എ.7/26/27.07.12 |
| 2007/08 | എൽ.എഫ്.എ.7/27/27.07.12 |
| 2008/09 | എൽ.എഫ്.എ.7/28/27.07.12 |
| 2009/10 | എൽ.എഫ്.എ.7/29/27.07.12 |
| 2010/11 | എൽ.എഫ്.എ.പി7/23/12/06.08.12/04.10.12 |
| 2011/12 | എൽ.എഫ്.എ.പി7/1002/14/10.10.14 |
| 2012/13 | എൽ.എഫ്.എ.പി7/347/15/03.0615/04.08.15 |
| 2013/14 | കെ.എസ്.എ.എ.എൽ.പി.പി.7/405/2016/26.03.16 |
| 2014/15 | കെ.എസ്.എ.എ.എൽ.പി/പി 7-832/2016/29.07.16/03.08.16 |
| 2015-16 | കെ.എസ്.എ./എ.എൽ.പി/പി 14/44/2017 തീ.30.01.2017 |
| 2016-17 | കെ.എസ്.എ./എ.എൽ.പി/പി 14/1241/2017 തീ.3.11.2017 |

ഡെപ്യൂട്ടി ഡയറക്ടർ
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

## അനുബന്ധം.1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 04.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

.

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

| | | |
|---|---|---|
| | | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ